LIBRARY ARCHIVES Kerala Legislative Assembly

ശാലയുണ്ടാക്കിയെടുക്കുന്നതിനുവേണ്ട എല്ലാവിധ ഇൻഫ്രാസ്ട്രക്ചറും അടുത്ത ജനുവരി മാസത്തോടെ പ്രിപ്പയർ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷ. അതിന് സാങ്കേതിക വശങ്ങൾ കൂടിയുണ്ട്. നയപരമായ തീരുമാനമെടുക്കണം. അതിനാവശ്യമായ സാമ്പത്തിക സപ്പോർട്ട് വേണം. ഇതെല്ലാം ഇതിനപ്പുറത്ത് നിൽക്കുന്ന കാര്യങ്ങളാണ്. എന്നാലും അങ്ങ് പറഞ്ഞ സ്പിരിറ്റ് പൂർണ്ണമായും ഉൾക്കൊള്ളുന്നു. NISAG എന്ന ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തീരുമാനിച്ചു. അതോടൊപ്പം ഒരു കായിക സർവ്വകലാശാലയ്ക്കു വേണ്ടിയുള്ള ശ്രമവും തുടരുന്നതാണ്.

9. സ്റ്റേഡിയം നിർമ്മാണം

<u>ശ്രീ. സി. പി. മുഹമ്മദ്:</u> സർ, പട്ടാമ്പിയുടെ 50 കിലോമീറ്ററിനുള്ളിൽ ഒരു ടൂർണ്ണമെന്റ് നടത്താനോ ഇതര ഗെയിംസുകൾ നടത്താനോ ആവശ്യമായ ഒരു സ്റ്റേഡിയത്തിന്റെ അഭാവമുണ്ട്. എം.എൽ.എ.-യുടെ അസറ്റ് മെയിന്റനൻസ് ഫണ്ടിൽനിന്നും പണം മുടക്കാം. ആയിരക്കണക്കിന് കുട്ടികൾ പഠിക്കുന്ന പട്ടാമ്പി ശ്രീനീലകണ്ഠ സംസ്കൃത കോളേജ് ഗ്രൗണ്ടിൽ ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്പോർട്സ് വകുപ്പ് നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട സി. പി. മുഹമ്മദ് പറഞ്ഞതുപോലെ ഇതുസംബന്ധിച്ച വിശദമായ പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പ്രൊപ്പോസൽ സമർപ്പിച്ചാൽ ബന്ധപ്പെട്ടയാളുകളെക്കൂടി വിളിച്ചിരുത്തി പിന്നീട് വിശദമായ ചർച്ച നടത്താം. അങ്ങയുടെകൂടി അഭിപ്രായം ഗവൺമെന്റ് ആരായും. അതിനുശേഷം മറ്റ് നടപടികളിലേയ്ക്ക് പോകുന്നതാണ്.

10. വീട്ടുനമ്പർ നൽകൽ

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> സർ, ഇടുക്കി ജില്ലയിൽ വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ ഇന്ന് പഞ്ചായത്തിൽനിന്ന് വീട്ടുനമ്പർപോലും നൽകാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. അഥവാ നമ്പർ നൽകുന്നുവെങ്കിൽ അത് unauthorized number ആണ്. വാർഡ് പുനഃക്രമീകരിച്ചപ്പോൾ പഴയ കെട്ടിട നമ്പറുണ്ടായിരുന്നതിനു മാത്രമാണ് പുതിയ നമ്പർ നൽകിയിട്ടുള്ളത്. പഴയ കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചാലും പഞ്ചായത്തിൽ നമ്പരിട്ട് കൊടുക്കുന്നില്ല. വർഷങ്ങളായി കൈവശമിരിക്കുന്ന ഭൂമിയിൽ പട്ടയം ലഭിച്ചിട്ടില്ല എന്ന കാരണത്താൽ കുടുംബനാഥൻ